**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **04-02-2026 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നഗരവത്കരണം , അടിസ്ഥാന സൗകര്യ വികസനം , വ്യവസായങ്ങൾ , പൊതു ആവശ്യങ്ങൾ എന്നിവയ്ക്ക് വേണ്ടി നെൽവയലുകൾ തരം മാറ്റി ഉപയോഗിക്കുക , കാലാവസ്ഥാ വ്യതിയാനവും അതുമൂലമുണ്ടാകുന്ന കീടരോഗാക്രമണം, പ്രകൃതി ദുരന്തങ്ങൾ, അതിവർഷം, വരൾച്ച, ഉഷ്ണതരംഗം, കുറഞ്ഞു വരുന്ന മണ്ണിന്റെ ഫലഭൂയിഷ്ഠത, ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് മുതലായവ, ഉയർന്ന ഉൽപ്പാദന ചെലവ്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, അനധികൃത നിലം നികത്തൽ, തുണ്ടുവൽക്കരിക്കപ്പെട്ട കൃഷിഭൂമിയിൽ യന്ത്രവൽക്കരണം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള പരിമിതി, പന്നി ശല്യം മൂലമുള്ള കൃഷിനാശം, വരിനെല്ല് ഉൾപ്പെടെയുള്ള കളകളുടെ രൂക്ഷമായ പ്രശ്നം മുതലായവ നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. കൂടാതെ ചുവടെ പറഞ്ഞിട്ടുള്ള മറ്റ് സാമൂഹികമായ പ്രശ്നങ്ങളും നെൽകൃഷിയെ സാരമായി ബാധിക്കുന്നുണ്ട് .<br><br>1. കൃഷിയിൽ താൽപര്യം ഇല്ലെങ്കിലും സ്വന്തം കൃഷിയിടം മറ്റൊരാൾക്ക് കൃഷി ചെയ്യാൻ നൽകുന്നതിൽ പലരും വിമുഖത കാണിക്കുന്നു.<br><br>2. വർദ്ധിച്ചുവരുന്ന കാർഷികേതര ആവശ്യങ്ങൾക്ക് (വ്യവസായം, റോഡ്, വീട് തുടങ്ങിയവ) കുറഞ്ഞ ചെലവിൽ ലഭ്യമായിട്ടുള്ളത് വയലുകൾ ആയതിനാൽ വയലുകളിലേക്കുള്ള ഇത്തരത്തിലുള്ള കടന്നു കയറ്റം കൂടി വരുന്നു. |
| (ബി) | പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട് . നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രാദേശികമായി തന്നെ പരിഹാരം കാണുന്നതിനായി 10 നെൽകൃഷി |

| | | | |
|---|---|---|---|
| | | | വികസന ഏജൻസികൾ ആണ് നിലവിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. വിഷയം സംബന്ധിച്ച ടി ഏജൻസികൾ നടത്തിയിട്ടുള്ള ഇടപെടലുകൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>നെല്ല് സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ട്. സംസ്ഥനത്തെ നെല്ല് സംഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ശിപാർശകൾ നൽകുന്നതിനുമായി ഡോ. വി.കെ ബേബി എൈ.എ.എസ് (റിട്ട.)ന്റെ അധ്യക്ഷതയിൽ രൂപീകരിച്ച നെല്ല് സംഭരണം പഠിക്കാനുള്ള വിദഗ്ധ സമിതി സമർപ്പിച്ച ശിപാർശകൾക്ക് 01-02-2026ലെ സ.ഉ.(കൈ) നം. 16/2026/കൃഷി ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും പാലക്കാട് ജില്ലയിൽ നവീകരണ പദ്ധതി ആരംഭിക്കുന്നതിലേക്കായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 2026-27 സംഭരണ വർഷം പാലക്കാട് ജില്ലയിൽ നെല്ല് സംഭരണ നവീകരണ പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | യുവതലമുറയെ പ്രത്യേകിച്ച് വിദ്യാർത്ഥികളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനായി പ്രത്യേകമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | വിദ്യാർത്ഥികളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനായി താഴെ പറയുന്ന പ്രത്യേകമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു<br><br>1. കാർഷിക മേഖലയിലേക്ക് സ്കൂൾ വിദ്യാർഥികളെ ആകർഷിക്കുന്നതിനായി സ്കൂൾ പച്ചക്കറിത്തോട്ടം, പോഷകത്തോട്ടം, ഫലവർഗ്ഗത്തോട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>2. വിദ്യാർഥികളുമായി പാടശേഖരങ്ങൾ സന്ദർശിക്കുകയും നെൽകൃഷിയുടെ കാർഷിക പരിപാലന മുറകൾ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>3. യന്ത്രവൽകൃത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ നെൽകൃഷിയിലേക്ക് ആകർഷിക്കുന്നതിലേക്കായി സാധിക്കുന്നു.<br><br>4. സമഗ്ര പച്ചക്കറിഉല്പാദന യജ്ഞം പദ്ധതിയുടെ ഭാഗമായും ഭാഗമായും കൃഷി ഭവനുകളുടെ പരിധിയിൽ ജനകീയാസൂത്രണം പദ്ധതിയുടെ വിതരണത്തിനായി എത്തുന്ന വിത്തുകൾ, തൈകൾ, വളം എന്നിവ തിരഞ്ഞെടുത്ത സ്കൂളുകൾക്ക് സൗജന്യമായി നൽകി വരുന്നു.<br><br>5. സ്ഥാപനങ്ങളിലെ പോഷകത്തോട്ടം ഒരുക്കൽ എന്ന പദ്ധതിയുടെ ഭാഗമായി അംഗൻവാടി. LP |

സ്കൂൾ, UP സ്കൂൾ, ഹൈ സ്കൂൾ എന്നിവിടങ്ങളിൽ ചെടിച്ചട്ടി, വളം, വിത്ത്, തൈകൾ എന്നിവ സൗജന്യമായി നൽകുകയും അദ്ധ്യാപകർക്കും കുട്ടികൾക്കും കൃഷിയിൽ പരിശീലനം നല്കി വരുകയും ചെയ്യുന്നു.

6. സ്കൂൾതല ക്വിസ്സ് മത്സരങ്ങൾ, എക്കോ ക്ലബ്ബുകൾ പോലെയുള്ള വിദ്യാർഥികളുടെ കൂട്ടായ്മകൾ വഴിയുള്ള കൃഷി സംബന്ധ പ്രവർത്തനങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യം വളർത്താൻ കുട്ടികൾക്ക് പ്രത്യേക ക്യാമ്പെയിനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, നടിൽ ഉത്സവം, കൊയ്ത്ത് ഉത്സവം എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

7. തരിശ് നെൽ കൃഷി വികസനം, ആത്മ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളായ വിവിധ പരിശീലന പരിപാടികൾ, പഠനയാത്രകൾ ഫാം പ്ലാൻ പദ്ധതി, കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളെല്ലാം യുവതലമുറയെ ആകർഷിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

8. പാഠം-1 പാടത്തേയ്ക്ക് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

9. കൃഷിഭവനുകൾ വഴിയുള്ള Internship

10. ARYA - ICAR - KVK കൾ വഴി നടപ്പിലാക്കുന്ന ടി പദ്ധതികൾ കാർഷിക മേഖലയ്ക്ക് യുവാക്കളെ ആകർഷിക്കുവാനും നിലനിറുത്തുവാനും ചെറുകിട സംരംഭങ്ങളായ തേനീച്ച വളർത്തൽ കൂൺ കൃഷി മൂല്യവർദ്ധിത യൂണിറ്റുകളുടെ സ്ഥാപനം തുടങ്ങിയവയ്ക്കുള്ള പരിശീലനം നൽകുന്നു.

11. അഗ്രിക്ലിനിക്കുകളും, അഗ്രി ബിസിനസ്സ് സെന്ററുകളും

12. B2B മീറ്റുകൾ, DPR ക്ലിനിക്കുകൾ

13. KERA പദ്ധതി

14. അഗ്രി സ്റ്റാർട്ട് അപ്പുകൾക്ക് വേണ്ടുന്ന പിന്തുണ കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെ നൽകുന്നു.

15. സമഗ്ര പച്ചക്കറി ഉത്പാദനം യജ്ഞത്തിലൂടെ ടി വിഷയത്തിൽ കുറഞ്ഞത് 50 സെന്റ് മുതൽ ഒരേക്കർ വരെയുള്ള പച്ചക്കറി കൃഷിക്ക് ധനസഹായം നൽകുന്നു.

16. കർഷകമിത്ര

| | | | |
|---|---|---|---|
| | | | 17. നമോഡ്രോൺ-വനിതകൾക്ക് ഡ്രോൺ പരിശീലനം<br><br>18. Digital Crop Surveyor മാരായി കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നു.<br><br>19. Bsc Agri/VHSE എന്നിവർക്ക് Internship Programme കൃഷിഭവൻ തലത്തിൽ നടപ്പിലാക്കുന്നു.<br><br>20. വിവിധ കാർഷിക പ്രദർശനങ്ങളിലും സെമിനാറുകളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നു.<br><br>21. വിവിധ ഫാമുകളിൽ നടത്തപ്പെടുന്ന നൂതന കൃഷി സമ്പ്രദായങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു.<br><br>22. MIDH NMSA പദ്ധതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ കൃഷിത്തോട്ടം പദ്ധതി.<br><br>23. NMSA 2025-26 പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ സോയിൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രീയ വിദ്യാലയത്തിൽ (കോഴിക്കോട് ഈസ്റ്റ് ഹിൽ) സ്കൂൾ സോയിൽ ഹെൽത്ത് ടീം രൂപീകരിക്കുകയും മണ്ണ് സാമ്പിൾ പരിശോധിക്കുന്നതിൻറെ പ്രാധാന്യം, സോയിൽ ഹെൽത്ത് കാർഡ് പോർട്ടൽ, മണ്ണ് പരിശോധനയ്ക്കാവശ്യമായ ഉപകരണങ്ങൾ, മണ്ണ് പരിശോധിക്കുന്നതെങ്ങനെ എന്നീ കാര്യങ്ങളെക്കുറിച്ച് പരിശീലനം നൽകുകയും ചെയ്തു. കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനും, നിരീക്ഷണ പാടവമുണ്ടാക്കുന്നതിനും മണ്ണിലെ ജൈവവൈവിധ്യം നേരിട്ട് മനസ്സിലാക്കുന്നതിനും സഹായകരമാവുന്നു.<br><br>24. കർഷക ദിനത്തിൽ എല്ലാ പഞ്ചായത്തിലും വിദ്യാർത്ഥി കർഷകരെയും യുവ കർഷകരെയും ആദരിക്കുന്നു.<br><br>**25**. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കാത്ത തരിശു ഭൂമികളിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി.ടി.എ. അംഗങ്ങൾ, എൻ.എസ്.എസ്, വളണ്ടിയർമാർ, സ്റ്റുഡൻ്റ് പോലീസ് കേഡറ്റുകൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ പോഷകാഹാരം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റുഡൻ്റ് സജീവ ഉദ്യാനം പച്ചക്കറി ഉത്പാദിപ്പിക്കാനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രൊജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി എന്ന ഘടകം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**1. പുറക്കാട് കരിനില വികസന ഏജൻസി**

1. കരിനിലങ്ങളിലെ പ്രധാന പ്രശ്നമായ അമ്ലത്വം നിയന്ത്രിക്കുന്നതിന് ആവശ്യമായ കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിവരുന്നു.
2. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. ഈ വർഷം പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 51 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2. കുട്ടനാട് വികസന ഏജൻസി**

- കുട്ടനാട്ടിൽ നെൽകൃഷി സുഗമമായി നടത്തുന്നതിനായി തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, ഓരുമുട്ടുകൾ എന്നിവ ക്രമീകരിക്കേണ്ട സാഹചര്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നു.
- പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി കാർഷിക മേഖലയിൽ ഇടപെടലുകൾ നടത്തിവരുന്നു.
- ഈ വർഷം പാടശേഖര സമിതികളുമായി ചേർന്ന് 93 കോടിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ RIDF–ലേക്ക് സമർപ്പിക്കുന്നതിനും, വേമ്പനാട് കായൽ റിജുവനേഷൻ പദ്ധതിയിൽ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുമായി ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

**3. തുറവൂർ കരിനില വികസന ഏജൻസി**

- തുറവൂർ കരിനില വികസന ഏജൻസി, പാടശേഖര സമിതികൾ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജനകീയ സമിതി രൂപീകരിക്കുന്നു.
- പാടശേഖരങ്ങളിൽ നെൽകൃഷി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.
- പൊക്കാളി നിലങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി സ്ലൂയിസുകൾ തുറക്കുകയും പാടശേഖരങ്ങളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.
- വേമ്പനാട് കായൽ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി പുറംബണ്ട് ബലപ്പെടുത്തൽ, യന്ത്രവൽകൃത സ്ലൂയിസ് നിർമ്മാണം, വെർട്ടിക്കൽ ആക്സൽ ഫ്ലോ പമ്പുകൾ, പൊക്കാളി വിത്തുകൾ എന്നിവ (100 ഹെക്ടർ നിലത്തിൽ) നൽകുന്നതിനായി ഏകദേശം 15 കോടിയുടെ പദ്ധതി മേൽ സമിതികളുമായി ചേർന്ന് കൃഷിവകുപ്പ് സമർപ്പിച്ചിട്ടുണ്ട്.

**4. ഓണാട്ടുകര വികസന ഏജൻസി**

- തരിശുനില നെൽകൃഷി പ്രോത്സാഹനം.
- പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.
- നെൽകൃഷിക്ക് ശേഷം പാടശേഖരങ്ങളിൽ കരകൃഷി / എള്ള് കൃഷി പ്രോത്സാഹനം.
- സംസ്കരണം, ഉത്പന്ന വൈവിദ്ധ്യവത്കരണം (എള്ളെണ്ണ ക്യാപ്സ്യൂൾ) എന്നിവയ്ക്കാവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

**5. വൈക്കം കരിനില വികസന ഏജൻസി:**

- ആർ കെ വി വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രവർത്തികൾ കേരള ലാൻഡ് ഡെവലപ്മെൻറ് കോർപറേഷൻ നടപ്പിലാക്കിവരുന്നു.
- പുതിയ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.
- ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗങ്ങൾ ചേർന്ന് വിലയിരുത്താറുണ്ട്.
- വൈക്കം കരിനില വികസന ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

**6. പൊക്കാളി നിലവികസന ഏജൻസി:**

- പൊക്കാളി മേഖലയുടെ പ്രവത്തനങ്ങൾക്കായി രൂപീകരിച്ച ജില്ലാകളക്ടർ ചെയർമാനായുള്ള പൊക്കാളി നിലവികസന ഏജൻസി പൊക്കാളി മേഖലയിലെ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച യഥാസമയം കൃഷി ഇറക്കുവാനുള്ള നിർദ്ദേശം കർഷകർക്ക് നൽകുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.
- കൃഷിക്ക് മുന്നോടിയായി എല്ലാ വർഷവും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ചേർത്ത് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ആയത് കൃഷി ഉദ്യോഗസ്ഥർ വഴി മേൽനോട്ടം നടത്തുകയും ചെയ്യുന്നു.
- ആവശ്യാനുസരണം പൊക്കാളി നിലവികസന ഏജൻസി മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളുന്നുമുണ്ട്. പൊക്കാളി നിലവികസന ഏജൻസിയുടെ സഹായത്തോടെ പദ്ധതി പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യവികസന പ്രവത്തനങ്ങൾ വിവിധ പ്രശ്നങ്ങളിലെ ഇടപെടലുകൾ തുടങ്ങിയവ യഥാസമയം നടത്തിവരുന്നു.
- തീരദേശ പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥയെയും ഭൂപ്രകൃതി സംരക്ഷിക്കുന്നതിനുമായി ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

**7. കോൾ നില വികസന ഏജൻസി:**

- Development of Kole Lands in Thrissur and Malappuram Districts 06-03-1992 8 കോൾനില വികസന ഏജൻസിയായി രൂപീകരിക്കപ്പെട്ടു.
- ആയതിന് ലഭിച്ച ഫണ്ടുകൾ ഹൈലവൽ കനാൽ രൂപീകരണം, തുടങ്ങിയ വർക്കുകളുടെ പൂർത്തീകരണത്തോടെ അവസാനിച്ചിരിക്കുകയാണ്.
- ആയതുകൊണ്ട് തന്നെ കോൾനിലങ്ങളിലെ പ്രശ്നപരിഹാരത്തിനുള്ള ഫണ്ട് നിലവിൽ ലഭ്യമല്ല

**8. പാലക്കാട് നെൽകൃഷി വികസന ഏജൻസി:**

ഏജൻസി രണ്ടു വർഷമായി പ്രവർത്തനക്ഷമമല്ല

**9. വയനാട് നെൽകൃഷി വികസന ഏജൻസി**

- നെൽ കർഷകർ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, ജില്ലയിൽ വിസ്തൃതി കുറഞ്ഞ് വരുന്നത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നെൽകൃഷി വികസന ഏജൻസിയുടെ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്.
- നെൽകൃഷി സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുകയാണെങ്കിൽ വർദ്ധിച്ചുവരുന്ന തൊഴിലാളി ക്ഷാമം പരിഹരിച്ച് നെൽകൃഷി വ്യാപനം പ്രോത്സാഹിപ്പിക്കുവാൻ പര്യാപ്തമാകുമെന്നും വിലയിരുത്തി.

**10. കൈപ്പാട് നെൽകൃഷി വികസന ഏജൻസി**

കൈപ്പാട് നെൽകൃഷി വികസന ഏജൻസി മുഖേന കൈപ്പാട് കർഷകരുടെ നെല്ല് ന്യായ വിലയ്ക്ക് സംഭരിക്കുകയും, ഈ നെല്ല് അരിയാക്കി മാർക്കറ്റിൽ എത്തിക്കുന്നതിനോടൊപ്പം കർഷകർക്ക് ആവശ്യമുള്ള നെൽവിത്ത് വിതരണം ചെയ്യുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**